എൻ. എച്ച്. 49-ന്റെ നേര്യമംഗലം മുതൽ അടിമാലി വരെയുള്ള റോഡ് ഭാഗങ്ങളിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

266 [2322] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 49-ന്റെ നേര്യമംഗലം മുതൽ അടിമാലി വരെ അപകട സാദ്ധ്യത കൂടുതലുള്ള റോഡ് ഭാഗങ്ങളിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വാളറ, ചീയപ്പാറ എന്നിവിടങ്ങളിൽ നടന്നുവരുന്ന പാലങ്ങളുടെ നിർമ്മാണം എന്നാണ് ടെണ്ടർ ചെയ്തത്; ഇവയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വർക്ക് പൂർത്തിയാക്കാനുള്ള കാലാവധി എത്രയാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത കാലാവധിക്കുള്ളിൽ ജോലി പൂർത്തിയാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ;

(ഇ) ടൂറിസ്റ്റുകളെ ഏറെ ആകർഷിക്കുന്ന ചീയപ്പാറ വെള്ളച്ചാട്ടത്തിന് സമീപമുള്ള പാലം അടിയന്തിര പ്രാധാന്യത്തോടെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നേര്യമംഗലം അടിമാലി റോഡുഭാഗത്ത് ചീയപ്പാറ, വാളറ എന്നീ രണ്ടു പാലങ്ങളുടെ പണി പുരോഗമിച്ചു വരുന്നു.

(ബി) വാളറപ്പാലം

ടെണ്ടർ തീയതി	എസ്റ്റിമേറ്റ് തുക	കാലാവധി
2-4-2002	92.87 ലക്ഷം രൂപ	5 മാസം

ചീയപ്പാറപ്പാലം

ടെണ്ടർ തീയതി	എസ്റ്റിമേറ്റ് തുക	കാലാവധി
4-1-2002	95.68 ലക്ഷം രൂപ	6 മാസം

(സി—ഇ) ദീർഘിപ്പിച്ച് നൽകിയ സമയ പരിധിക്കുള്ളിൽ വാളറപ്പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിൽ കാര്യമായ പുരോഗതി കാണാതിരുന്നതിനാൽ ഈ ടെണ്ടർ റദ്ദ് ചെയ്യുകയും ശേഷിക്കുന്ന പണികൾ റീ ടെണ്ടർ ചെയ്തു ഒരു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീയപ്പാറപ്പാലത്തിന്റെ പണികൾ 30-9-2004-ൽ പൂർത്തിയാക്കുന്ന വിധം പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly